പത്താം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷമായ 2002-2003-ൽ മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലാബോറട്ടറിയുടെ നവീകരണത്തിനായി വകയിരുത്തിയിരുന്ന 25 ലക്ഷം രൂപയിൽ 1,72,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിന് പത്താം പഞ്ചവത്സര പദ്ധതിയിൽ മൊത്തം 425 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ഒന്നാം വർഷ പദ്ധതികൾക്കായി വകയിരുത്തിയ 75 ലക്ഷം രൂപയിൽ 65 ലക്ഷം രൂപ സർക്കാർ അനുവദിക്കുകയും പദ്ധതികൾ പൂർത്തിയാക്കുന്നതിനായി 61 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) 1101- 35 എം. ഡബ്ല്യു.

(എഫ്) ഇല്ല.

പ്രസരണ നഷ്ടം

3 (4611) ശ്രീ. മങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ 5 വർഷക്കാലത്ത് വൈദ്യുതി മേഖലയിൽ ഓരോ വർഷവുമുണ്ടായ പ്രസരണ നഷ്ടം എത്ര ശതമാനം വീതമാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

2000-2001-നും അതിനു മുമ്പും പ്രസരണ വിതരണ നഷ്ടം കാണിച്ചത് എൽ. റ്റി. ഉപഭോക്താക്കളുടെ ഉപഭോഗം കണക്ടഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സാങ്കൽപ്പികമായി നിശ്ചയിച്ചതാണ്. യഥാർത്ഥ എൽ.റ്റി. ഉപഭോഗം എത്രയെന്നുള്ള കണക്ക് ലഭ്യമായിരുന്നില്ല. മേൽ പ്രകാരം പ്രസരണ വിതരണ നഷ്ടം കണക്കാക്കുന്നത് ശരിയല്ലെന്ന് 31-3-1998-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംബന്ധിച്ച റിപ്പോർട്ടിൽ സി.എ.ജി.-യും 1-7-2002-ലെ പബ്ലിക് അണ്ടർ ടേക്കിംഗ് റിപ്പോർട്ടിലും ചൂണ്ടിക്കാണിച്ചിരുന്നു. ഇപ്പോൾ യഥാർത്ഥ കണക്കുകൾ അനുസരിച്ചാണ് പ്രസരണ വിതരണ നഷ്ടം കണക്കാക്കുന്നത്. അതു പ്രകാരമുള്ള 2001-2002, 2002-2003-ലെ പ്രസരണ നഷ്ടം ചുവടെ ചേർക്കുന്നു.

2001-2002	2002-2003
7.64%	6.23%

കാറ്റിൽ നിന്നും വൈദ്യുതി

4 (4612) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന 25 എം. ഡബ്ല്യു. ശേഷിയുള്ള ഒരു നിലയം രാമക്കൽമേട്ടിൽ സ്ഥാപിക്കാനായി മെസ്സേഴ്സ് ഓപ്റ്റിമം ഇന്റർനാഷണൽ എന്ന കമ്പനി 17-8-1994-ലും 25 എം. ഡബ്ല്യു. വീതം ശേഷിയുള്ള ഓരോ നിലയങ്ങൾ കഞ്ചിക്കോട്ടും രാമക്കൽമേട്ടിലും സ്ഥാപിക്കാനായി മെസ്സേഴ്സ് സുബാഷ് പ്രോജക്ട് മാർക്കറ്റിംഗ് ലിമിറ്റഡ് എന്ന കമ്പനി 20-7-1995-ലും കെ. എസ്. ഇ. ബി.യുമായി വൈദ്യുതി വാങ്ങൽ കരാർ (ഇൻഡിക്കേറ്റീവ് പി. പി. എ) ഒപ്പു വച്ചിട്ടുണ്ട്. ഇതു കൂടാതെ കേരള ഗവൺമെന്റിന്റെ പാരമ്പര്യേതര ഊർജ്ജ നയപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായ അനെർട്ട്, മിനിസ്ട്രി ഓഫ് നോൺ കൺവെൻഷണൽ എനർജി സോഴ്സസ് (എം.എൻ.ഇ.എസ്) ഗവൺമെന്റ് ഓഫ് ഇൻഡ്യയുമായി 2 എം ഡബ്ല്യു. ഡെമോൺസ്ട്രേഷൻ പ്ലാന്റ് രാമക്കൽമേട്ടിലെ കുരുവിക്കാനത്ത് സ്ഥാപിക്കുന്നതിനെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. അവർ തത്വത്തിൽ ഈ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ വിന്റ് പൊട്ടൻഷ്യൽ സ്റ്റഡികളെക്കുറിച്ചും അവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

വൈദ്യുതി ബോർഡിന് എതിരെയുള്ള കേസ്സുകൾ

5 (4613) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ കേസ്സുകളിലുമായി കേരള ഇലക്ട്രിസിറ്റി ബോർഡിൽ അടക്കേണ്ടുന്ന കുടിശ്ശികയാക്കിയിട്ടുള്ള മൊത്തം തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബോർഡിനെതിരെ ഇപ്പോൾ എത്ര കേസ്സുകൾ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട് ; ഹൈക്കോടതിയിലുള്ള കേസ്സുകൾ എത്ര ; ഓരോ ജില്ലകളിലുമുള്ള മറ്റ് കോടതികളിലെ കേസ്സുകൾ എത്ര ;

(സി) ബോർഡിനെതിരെയുള്ള കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ ഇനങ്ങളിലുമായി മൊത്തം മുൻ വർഷവും ഈ വർഷം ഇതേവരെയും എന്തു തുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ലഭ്യമായ വിവരം അനുസരിച്ച് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ എല്ലാ കേസ്സുകളിലുമായി മൊത്തം 3,81,37,88,030 രൂപ കുടിശ്ശികയായിട്ടുണ്ട്.

(ബി) ബോർഡിനെതിരായി വിവിധ കോടതികളിലായി 18467 കേസ്സുകൾ നിലവിലുണ്ട്. ഇതിൽ ഹൈക്കോടതിയിൽ 5782 കേസ്സുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly